(എഫ്)&(ജി) തിരുവനന്തപുരം ദന്തൽകോളേജിലേക്ക് സ്ഥലംമാറ്റിയ ശ്രീ. വിശ്വനാഥപിള്ള ഹെൽത്ത് സെക്രട്ടറിക്ക് നിവേദനം നൽകിയിട്ടുണ്ട്. അതു പരിശോധിച്ചുവരുന്നു.

(എച്ച്) ഓഫീസുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പരസ്പരം മാറ്റിയത്.

പീഡിയാട്രിക് സൈക്കോളജി ഡിപ്പാർട്ടുമെന്റ്

156 (814) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പീഡിയാട്രിക് സൈക്കോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡിപ്പാർട്ടുമെന്റുകൾ

157 (815) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്ര ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം;

(ബി) ഓരോ ഡിപ്പാർട്ടുമെന്റിലും ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്ര;

(സി) ഓരോ ഡിപ്പാർട്ടുമെന്റിലും എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) തൃശ്ശൂർ മെഡിക്കൽ കോളേജ് പൂർണ്ണമായും മുളങ്കുന്നത്തുകാവിൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ തടസ്സം മാറ്റി കോളേജ് ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly